ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട രാജൻ ബാബുവിന് അറിയാവുന്നതുപോലെ അതുമായി ബന്ധപ്പെട്ടവർ നിരവധി കേസുകളിൽ കുടുങ്ങി, ലിസ്റ്റ് തയ്യാറാക്കുന്നതിലുള്ള പ്രയാസമാണ്; അത് നടപ്പിലാക്കുന്നതിന് സാരമില്ല. നൂലാമാലകൾ പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കി ഈ ഗവൺമെന്റിനെ ഏൽപ്പിക്കുന്നതിനുള്ള കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ആഴ്ചയാണ് അതിന്റെ ലിമിറ്റ് കൊടുത്തിരിക്കുന്നത്.

ശ്രീ. എ. എ. അസീസ്: കശുവണ്ടി വ്യവസായം സംഘടിത വ്യവസായമാണ്. ആ വ്യവസായത്തിൽ മിനിമം വേജസ് നിലവിലുണ്ട്. എന്നാൽ ആ വ്യവസായം വികേന്ദ്രീകരിച്ച് ആലപ്പുഴ, പെരുമ്പാവൂർ മേഖലയിലെ വീടുകളിൽ ഇപ്പോൾ പ്രോസസിംഗ് നടത്തുന്നുണ്ട്. ഇത് ആരംഭിച്ചിട്ട് ഏതാനും വർഷങ്ങളായി. ഇത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ബാബു ദിവാകരൻ: ഇപ്പോൾ സംഘടിത മേഖലയിൽനിന്നും അസംഘടിത മേഖലയിലേക്ക് കൊണ്ടുപോകുന്ന പ്രവണത കണ്ടു വരുന്നുണ്ട്. അത് രണ്ട് തരത്തിലാണ്. സംഘടിതമേഖലയിൽ ഫാക്ടറികൾ നടക്കുന്ന മേഖലയിൽ കർശനമായി നിയമം നടപ്പിലാക്കും. മറ്റ് മേഖലകളിൽ വ്യവസായം നടത്തുന്നതിന് ചില നിബന്ധനകളുണ്ട്. നിയമ വ്യവസ്ഥയനുസരിച്ചാണ് ഇത് നടക്കുന്നതെന്ന് ഉറപ്പുവരുത്തും.

ഭരണത്തിന്റെ കാര്യക്ഷമതയ്ക്കും ഐ.ടി. അധിഷ്ഠിത വ്യവസായ വികസനത്തിനും നടപടികൾ

*2 [341] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഐ.ടി. അധിഷ്ഠിത വ്യവസായ വികസനത്തിനും സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ സുതാര്യവും സുഗമവുമാക്കുന്നതിൽ ഐ.ടി. ഏതെല്ലാം തരത്തിലാണ് പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലില്ലായ്മ പരിഹരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള യത്നങ്ങൾക്ക് വിവരസാങ്കേതിക വിദ്യ എങ്ങനെ എത്രത്തോളം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. (ഐ.ടി./ഐ.റ്റി. അധിഷ്ഠിത വ്യവസായ നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി ഐ.ടി. നയവും ഐ.റ്റി. ഇൻസെന്റീവ് പാക്കേജും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്). തിരുവനന്തപുരം ടെക്നോപാർക്ക് വികസന പദ്ധതിയും കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഇൻഫോപാർക്കിന്റെ നിർമ്മാണവും പൂർത്തിയായി വരുന്നു. സംസ്ഥാനത്തെ മുഴുവൻ ബന്ധിപ്പിച്ചുകൊണ്ടുള്ള State Information Infrastructure-ന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ Regional Data Centre ആരംഭിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാനും കാര്യങ്ങൾ സുതാര്യവും ലളിതവുമായി ജനങ്ങളിൽ എത്തിക്കുന്നതിനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുന്നു. കൃഷി വകുപ്പിൽ ആരംഭിച്ച KISSAN ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ടെലിമെഡിസിൻ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട Education Grid സെക്രട്ടേറിയറ്റിനെ സംബന്ധിച്ചുള്ള വൈഡ് ഏരിയാ നെറ്റ്വർക്ക്, ഭരണ നടപടികൾ ലഘൂകരിക്കാനും കാലതാമസം ഒഴിവാക്കാനും വേണ്ടി രജിസ്ട്രേഷൻ, ട്രഷറി തുടങ്ങി വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കംപ്യൂട്ടർവൽക്കരണം വിവിധ വകുപ്പുകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ജില്ലാ തലങ്ങളിലെ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ വഴി തുടങ്ങുന്ന e-pay സംവിധാനം തുടങ്ങിയവ ഇതിന് മികച്ച ഉദാഹരണങ്ങളാണ്.

(സി) പുതിയ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വിവിധ തലങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് രാജ്യത്തിനകത്തും വിദേശങ്ങളിലും Software Development, Business Process Outsourcing, Call Centre, Animation, Medical Transcription, Computer Drawing തുടങ്ങി നിരവധി മേഖലകളിൽ തൊഴിൽ ലഭിക്കുവാനും വിവരസാങ്കേതിക വിദ്യ സഹായിക്കുന്നു.

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: സർ, സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളെ കംപ്യൂട്ടർ മുഖേന ബന്ധിപ്പിക്കുന്നതിന് നെറ്റ് വർക്ക് സിസ്റ്റം നടപ്പിലാക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതാണ് ഞാൻ ഇവിടെ ഡീറ്റെയിൽഡായി പറഞ്ഞത്. അത്തരത്തിൽ കൂടുതൽ വകുപ്പുകളെ ബന്ധിപ്പിക്കുന്നതും ജനങ്ങൾക്കു കൂടുതൽ പ്രയോജനപ്പെടുന്നതുമായ സിസ്റ്റമാണ് നടപ്പിലാക്കി വരുന്നത്.

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. വികസന രംഗത്തുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രധാനമായി ശ്രദ്ധിച്ചത് പോളിസി അനൗൺസ്മെന്റ് ചെയ്ത് അത് ഇംപ്ലിമെന്റ് ചെയ്യാനാണ്. ആ പോളിസിയുടെ 95 ശതമാനവും ഇതിനകംതന്നെ ഗവൺമെന്റ് ഇംപ്ലിമെന്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. അത് എൻകറേജ് ചെയ്യാനുള്ള വിവിധ നടപടികളാണ്. അതിലെ പ്രധാന നേട്ടം ടെക്നോപാർക്കിന്റെ എക്സ്പാൻഷൻ നടക്കുന്നുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ സോഫ്റ്റ്വെയർ എക്സ്പോർട്ടും, ഈ രംഗത്ത് ഏറ്റവുമധികം തൊഴിൽ കൊടുക്കുന്ന കമ്പനിയുമായ ഇൻഫോസിസ് അവിടെ സ്വന്തമായി കാമ്പസ് തുടങ്ങുന്നു. ഇന്ത്യയിൽനിന്നും സോഫ്റ്റ്വെയർ എക്സ്പോർട്ട് ചെയ്യുന്നത് ചുരുക്കം ചില കമ്പനികളാണ്. അതിലൊന്നാണ് ഇൻഫോസിസ്. ഇൻഫോസിസ് ഇവിടെ കാമ്പസ് തുടങ്ങിയത് വലിയ നേട്ടമാണ്. കൊച്ചിയിൽ ടെക്നോപാർക്ക് ഏതാനും മാസങ്ങൾക്കകം ഉദ്ഘാടനം ചെയ്യും. അതിന്റെ പണി പൂർത്തിയായി വരികയാണ്. വിപ്രോയുടെ പ്രഖ്യാപനം അടുത്തുതന്നെ ഉണ്ടാകുമെന്ന് കരുതുന്നു. ഈ രണ്ടു കാര്യങ്ങൾ കൊണ്ടുതന്നെ നമുക്ക് ശ്രദ്ധേയമായ രീതിയിൽ സോഫ്റ്റ് വെയർ എക്സ്പോർട്ട് കൂടും; ഒരുപാടാളുകൾക്ക് ജോലി കിട്ടുന്ന സ്ഥിതിവരും. മൊത്തം നേട്ടം പറയുകയാണെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സോഫ്റ്റ്വെയർ കമ്പനികളുടെ എണ്ണം കാര്യമായി വർദ്ധിച്ചു; 148 എണ്ണത്തിൽനിന്നും 277 എണ്ണമായി ഉയർന്നു. എക്സ്പോർട്ട് നോക്കുകയാണെങ്കിൽ 130 കോടി രൂപയിൽനിന്നും 420 കോടി രൂപയായി ഉയർന്നു. കർണ്ണാടക സംസ്ഥാനവുമായൊക്കെ തട്ടിച്ചു നോക്കുമ്പോൾ നമുക്ക് ബഹുദൂരം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. അക്ഷയ, ഫ്രണ്ട്സ് ഇവയൊക്കെ എടുത്ത് പറയാവുന്നതാണ്. ഐ.ടി. മാപ്പിൽ കേരളം വന്നു എന്നതാണ് പ്രധാന നേട്ടം. ഒന്നു രണ്ടു വർഷത്തിനകം ഇൻഫോസിസും വിപ്രോയുമൊക്കെ ഫുൾ സ്വിംഗിൽ വരുമ്പോൾ ജോലിക്കാരെ എടുക്കുന്ന കാര്യത്തിലൊക്കെ വലിയ നേട്ടം കേരളത്തിനുണ്ടാകും. കേരളം ഇന്ത്യയിലെ എണ്ണപ്പെട്ട ഒരു സംസ്ഥാനമായി മാറും.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഐ.ടി.-യുടെ അനന്ത സാദ്ധ്യതകൾ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടു പോകുന്നു എന്നതിൽ സന്തോഷമുണ്ട്. അക്ഷയയും ഫ്രണ്ട്സുമൊക്കെ വൻ വിജയമായിത്തന്നെ മുന്നോട്ടു പോകുന്നു. ഇംഗ്ലീഷ് ഭാഷയും ഐ.ടി.-യുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക പദങ്ങളെല്ലാം കേരളത്തിൽ ഇംഗ്ലീഷിൽ തന്നെയാണ് ഉപയോഗിക്കുന്നത്. അത് ഗ്രാമീണ മേഖലയിൽ ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉപരിതല മേഖലയിലെ ആളുകൾക്കാണ് ഇംഗ്ലീഷ് ഭാഷയിലെ പദങ്ങൾകൊണ്ട് കൂടുതൽ പ്രയോജനമുണ്ടാകുക. സാധാരണക്കാരായ ആളുകളുടെയിടയിൽ കൂടുതൽ സൗഹൃദം ഉണ്ടാക്കാനും, അവർക്ക് ഫലപ്രദമായി കംപ്യൂട്ടർ ഉപയോഗിക്കാനും, മലയാള ഭാഷാപദങ്ങൾ കംപ്യൂട്ടറിൽ കൊണ്ടുവരാൻ, കേരള വൽക്കരണം ഐ.ടി.-യിൽ കൊണ്ടുവരാൻവേണ്ടി അങ്ങ് ശ്രമിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> അക്ഷയ പദ്ധതിയിൽ ഇപ്പോൾ ചെയ്യുന്നത് അതുതന്നെയാണ്. മലയാള ഭാഷയിൽ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യത്തക്ക രീതിയിൽ ധാരാളം നടപടികൾ എടുത്തിട്ടുണ്ട്. അതേയവസരത്തിൽ ഇംഗ്ലീഷ് ഭാഷയും ഐ.ടി.-യും തമ്മിലുള്ള ബന്ധം തീർത്തും അവഗണിക്കാനും കഴിയില്ല. ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുകയും വേണം. എങ്കിൽ മാത്രമേ ഐ.ടി. മേഖലയിലെ തൊഴിലൊക്കെ നമുക്ക് ലഭിക്കൂ. ഐ.ടി.-യുടെ ഉപയോഗം വർദ്ധിപ്പിക്കാൻ വേണ്ടി തദ്ദേശ ഭാഷയിൽ അതിനാവശ്യമായ വിവരങ്ങൾ ലഭിക്കുമോയെന്നുള്ളത് പ്രധാനമാണ്. അക്ഷയയൊക്കെ അത് വളരെ ശ്രദ്ധിക്കുന്നുണ്ട്. ആളുകളെ ആ ഭാഷ പഠിപ്പിക്കാൻ ശ്രമിക്കുകയാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> ഐ.ടി.-യിൽനിന്നും 1970 കാലഘട്ടത്തിൽ അജ്ഞതമൂലം നാം മാറിനിന്നു. 1980-കളിൽ ചില രാഷ്ട്രീയ സുഹൃത്തുക്കളുടെ ശ്രമഫലമായി കംപ്യൂട്ടറിനെ ആട്ടിപ്പായിച്ചു. ഈ കാലഘട്ടത്തിൽ വളരെ നല്ല നിലയിൽ ഐ.ടി. ഉപയോഗപ്പെടുത്തുകയാണ്. ഭരണത്തിന്റെ കാര്യക്ഷമതയ്ക്കും ഭരണ നവീകരണത്തിലും അതാവശ്യമാണെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടിരിക്കുകയാണ്. ഭരണ നവീകരണത്തിന് ഐ.ടി.-യുടെ പ്രയോജനം വളരെ വലുതാണെന്ന് നമുക്ക് എല്ലാപേർക്കുമറിയാം. കഴിഞ്ഞ ദിവസം ചില ട്രേഡ് യൂണിയനുകൾ ഐ.ടി. ഭരണ നവീകരണത്തിനുപയോഗിക്കുന്നതിനെതിരായി നിൽക്കുന്നു എന്ന ഒരു വലിയ വർത്തമാനം കേട്ടു. ഈ സാഹചര്യം മുൻനിറുത്തിക്കൊണ്ട് ഭരണ നവീകരണത്തിനുവേണ്ടി ഐ.ടി. ഉപയോഗപ്പെടുത്താൻ നിശ്ചയദാർഢ്യത്തോടെ സമയബന്ധിതമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താത്വികമായ എതിർപ്പിന്റെ പ്രശ്നമൊക്കെ വളരെ കുറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള വിഷയങ്ങളൊന്നും ഇപ്പോഴില്ല. അതേയവസരത്തിൽ ഫയലും ചുവപ്പുനാടയുമൊക്കെയായി ശീലിച്ചവരെ ഈ സിസ്റ്റത്തിലേയ്ക്ക് മാറ്റുമ്പോൾ അവർക്ക് ട്രെയിനിംഗ് നൽകണം. അവരുടെ മൈൻഡ്സ് ഒക്കെ മാറ്റേണ്ടതുണ്ട്. അതിന്റേതായ ചില പ്രശ്നങ്ങളുമുണ്ട്. അത് കാര്യക്ഷമമായി ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. കൂടുതൽ ത്വരിതപ്പെടുത്താനുള്ള നടപടികളെടുക്കും.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> ഐ.റ്റി. രംഗത്തുണ്ടായ നേട്ടങ്ങളെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ നിശ്ചയദാർഢ്യത്തോടുകൂടി അങ്ങ് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഐ.റ്റി. മാപ്പിൽ സ്ഥാനം പിടിക്കാൻ കഴിഞ്ഞു എന്നൊക്കെ സൂചിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മ വളരെ രൂക്ഷമായി അനുഭവിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേതെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. പരമ്പരാഗത വ്യവസായം പോലെ തന്നെ തൊഴിൽ സാദ്ധ്യതയുള്ള ഒരു രംഗമാണ് ഐ.റ്റി. ആ സാദ്ധ്യത കണക്കിലെടുത്തുകൊണ്ട് നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള കൂടുതൽ സാദ്ധ്യതകൾ തേടാനും അതിന് രാഷ്ട്രീയ പാർട്ടികളുടെയൊക്കെ കൂടുതൽ സഹകരണത്തോടുകൂടിയുള്ള ഒരു നീക്കം നടത്താനും അങ്ങ് മുന്നോട്ട് വരുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത് വളരെയധികം പ്രധാനപ്പെട്ട ഒരു വിഷയമാണ്. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർ ഇന്ന് കേരളത്തിൽ കൂടുതലാണ്. അഭ്യസ്തവിദ്യർക്ക് തൊഴിൽ കിട്ടാൻ ഏറെ സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഐ.റ്റി. അതിനോടു ബന്ധപ്പെട്ട ഐ.റ്റി.എസ്., കാൾ സെന്റർ എന്നീ മേഖലകളിലൊക്കെ ധാരാളം തൊഴിൽ സാദ്ധ്യതകളുണ്ട്. കർണ്ണാടകയിലുള്ള unemployment ഗണ്യമായി കുറയ്ക്കാൻ ഈ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. മാനവ വിഭവശേഷി കുറേയൊക്കെ ഉണ്ടെന്ന് പറയുന്ന കേരളത്തിന് അൽപ്പം കൂടി ശ്രദ്ധിച്ചാൽ വളരെയധികം തൊഴിലവസരങ്ങൾ ഉണ്ടാക്കാവുന്ന മേഖല തന്നെയാണ് ഈ മേഖല. അതുകൊണ്ട് തന്നെ രാഷ്ട്രീയ പാർട്ടികളുടെ ഏകീകരിച്ച് അഭിപ്രായം അനിവാര്യമാണ്. അതിന് മുൻകയ്യെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അതുപോലെതന്നെ സാമ്പത്തിക രംഗത്തെ ബുദ്ധിമുട്ട് നമുക്കറിയാം. സംസ്ഥാനത്തിന് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട മേഖല സോഫ്റ്റ്വെയർ കയറ്റുമതിയാണ്. കർണ്ണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഈ രംഗത്ത് വളരെയേറെ മുന്നോട്ട്പോയി എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത് ലക്ഷ്യമാക്കിയുള്ള നടപടികളെയും അതിന്റെ സാദ്ധ്യതകളെയും കുറിച്ച് വിശദീകരിക്കാൻ കഴിയുമോ; അതുപോലെതന്നെ എം.എൽ.എ.-മാർക്ക് കമ്പ്യൂട്ടർ നൽകുന്ന ഒരു സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആദ്യത്തെ ഭാഗം, സ്റ്റേറ്റിന്റെ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടി സോഫ്റ്റ്വെയർ എക്സ്പോർട്ട് പോലുള്ള കാര്യങ്ങൾ ഉദ്ദേശിച്ചായിരിക്കും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. തീർച്ചയായിട്ടും മറ്റ് സംസ്ഥാനങ്ങളിലും അവരുടെ ബഡ്ജറ്റിൽ ഇപ്പോൾ വരുമാനം കാര്യമായി കിട്ടുന്ന ഒരു മേഖലയായി സോഫ്റ്റ്വെയർ എക്സ്പോർട്ട് മാറിയിട്ടുണ്ട്. സോഫ്റ്റ്വെയർ എക്സ്പോർട്ടിലൂടെ വമ്പിച്ച വരുമാനം ഇപ്പോൾ കർണ്ണാടകയിലൊക്കെ കിട്ടുന്നുണ്ട്. ഇതിന്റെയൊക്കെ പ്രയോജനം കേരളത്തിന് നന്നായി കിട്ടും. അതുപോലെതന്നെ manpower export. ലോകത്ത് മുഴുവൻ കേരളീയരാണെന്ന് നമ്മൾ പറയുന്നു. വരുന്ന നാളുകളിൽ അത് നിലനിർത്തണമെന്നുണ്ടെങ്കിൽ ഈ ടെക്നോളജിയിലുള്ള പ്രാവീണ്യം ആവശ്യമാണ്. അങ്ങനെയുള്ള ആളുകളെയാണ് ആവശ്യം വരുന്നത്. ജർമ്മനിയിലും മറ്റും ഓപ്പൺ ചെയ്തുവരുന്ന തൊഴിലവസരങ്ങൾ ഇതാണ് കാണിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആ നിലയിൽ സംസ്ഥാനത്തിന്റെ unemployment കുറയ്ക്കാനും income increase ചെയ്യാനും ഇതൊക്കെ ആവശ്യമാണ്. ടെക്നോളജി ഡെവലപ് ചെയ്തുകൊണ്ടിരിക്കുന്നതിനെതിരെ കണ്ണടച്ചാൽ എന്ത് ദുരന്തമുണ്ടാകുമോ അത് ഇവിടെയുണ്ടാകും. അതുകൊണ്ട് രാഷ്ട്രീയ പാർട്ടികളെല്ലാവരും സഹകരിച്ച് ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടത് ആവശ്യമാണ്. കമ്പ്യൂട്ടറിന്റെ കാര്യം ഞാൻ ഇപ്പോൾ പറയുന്നില്ല. പണ്ട് ടി.വി. കൊടുത്തപ്പോൾ കൈ പൊള്ളിയതാണ്. എല്ലാവരും കൂടി യോജിച്ചാൽ ആലോചിക്കാം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി തുടങ്ങിയെന്ന് പറഞ്ഞു. ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി തുടങ്ങിയതിന് ശേഷം സർക്കാരിന്റെ ഏതെങ്കിലും വകുപ്പിൽ, ഏതെങ്കിലും ഓഫീസിൽ കാര്യക്ഷമതയുടെ കാര്യത്തിൽ ഒരു അനുകൂലമായ മാറ്റം വന്നതായി കണക്കുകളിലൂടെയോ വസ്തുതകളുടെ അടിസ്ഥാനത്തിലോ പറയാൻ കഴിയുമോ? ആ വസ്തുത കൂടി കണക്കിലെടുത്തുകൊണ്ട് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു പുനർ ചിന്തനത്തിന് ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയതുകൊണ്ട് ഉണ്ടാകുന്ന നേട്ടത്തെക്കുറിച്ച് വസ്തുതാപരമായ ചൂണ്ടിക്കാണിക്കലാണ് മെമ്പർ ഉദ്ദേശിച്ചതെങ്കിൽ നമുക്ക് രജിസ്ട്രേഷൻ വകുപ്പെടുക്കാം. എല്ലാവർക്കും മനസ്സിലാകുന്ന കാര്യമാണ്. ഒരു കുടികിടപ്പു സർട്ടിഫിക്കറ്റ് കിട്ടണമെങ്കിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ എത്ര മാസം എഴുതി കൊടുക്കുന്ന ആൾ നടക്കണം. ഇപ്പോൾ മിനിട്ടുകൾ കൊണ്ട് നടക്കും. 13 കൊല്ലത്തെ കുടികിടപ്പ് പകർത്തണമെന്നുണ്ടെങ്കിൽ നടന്നുനടന്ന് കാല് തേഞ്ഞുപോകും. അതുകൊണ്ട് യാതൊരു സംശയവും വേണ്ട, ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് വമ്പിച്ച ഗുണങ്ങളുണ്ടാകും. ഇതുപോലെ ഒരുപാട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ പറ്റും.

ശ്രീ. കെ. കെ. ഷാജു: സർ, വ്യവസായ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ട് അങ്ങ് കേരളത്തിന്റെ വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ കുറേയധികം നടപടികൾ സ്വീകരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങളിലെ പ്രതിസന്ധിയാണ് അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന ഈ മേഖലയിലെ വൻ പ്രവർത്തനങ്ങൾ പ്രതിഫലിക്കാതിരിക്കുന്നതിന് പ്രധാന കാരണം. അങ്ങ് ഇപ്രാവശ്യം വ്യവസായ വകുപ്പ് ഏറ്റെടുത്തതിന് ശേഷം വൻകിട കമ്പനികൾ കേരളത്തിൽ വന്നതുമൂലം നമ്മുടെ എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ കോളേജിൽ നിന്ന് നേരിട്ട് ജോലിക്കെടുക്കുന്നുണ്ടോ; അതിനകത്ത് എന്തെങ്കിലും പുരോഗതിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വളരെ ശ്രദ്ധേയമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ നിന്ന് വൻകിട കമ്പനികളായ ഇൻഫോസിസ്, വിപ്രോ എന്നിവ ഇക്കൊല്ലം കാമ്പസ് സെലക്ഷനിലൂടെ 378 കുട്ടികളെ നേരിട്ടെടുത്തു. പ്രമുഖ ഐ.റ്റി. കമ്പനികളാണ് എടുത്തത്. ബി.ടെക്.-ഉള്ള 348 കുട്ടികൾ, എം.സി.എ പാസ്സായ 21 കുട്ടികൾ, എം.ടെക്. പാസ്സായ 7 കുട്ടികൾ, അങ്ങനെ 378 കുട്ടികളെ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ നിന്ന് നേരിട്ട് അവർ എടുത്തു. ഇക്കൊല്ലമാണ് എടുത്തത്. ഇത് ഏറ്റവും വലിയ ഉദാഹരണമാണ്. ആ മേഖല ശ്രദ്ധിച്ചാൽ പൊളിറ്റിക്കൽ പാർട്ടീസിന് ഇത്രയേറെ ജീവിക്കുന്ന ഉദാഹരണം വേറെ വേണ്ട. പക്ഷേ നിർഭാഗ്യവശാൽ അതിനനുസരിച്ചുള്ള പ്രോത്സാഹനം ഐ.റ്റി-ക്ക് കൊടുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു കൺസെൻസസ് ഉണ്ടാക്കി കേരളത്തിന്റെ ഏറ്റവും രക്ഷപ്പെടുന്ന മേഖലയാണിതെന്ന് കണക്കാക്കി അതിനനുസരിച്ചുള്ള ഒരു സപ്പോർട്ട് കൊടുക്കാൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. ആ സപ്പോർട്ട് ഗവൺമെന്റിന് കിട്ടുകയാണെങ്കിൽ അതുപോലുള്ള കാമ്പസ് സെലക്ഷൻ കേരളത്തിന്റെ സാങ്കേതിക കോളേജുകളിൽ മുഴുവൻ നടക്കും. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് വളരെ പ്രധാനപ്പെട്ട കാസ്റ്റ്യനാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുമെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ്.

ശ്രീ. ടി. കെ. ബാലൻ: ഐ.റ്റി. വകുപ്പിന്റെ കീഴിൽ നാട്ടുകാർക്ക് ഏറ്റവും പ്രയോജനപ്രദമായിട്ടുള്ളതും പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതുമായ കേന്ദ്രങ്ങളാണ് ഫ്രണ്ട്സ് സെന്റർ. സാമ്പത്തിക ബാദ്ധ്യത എന്തായാലും തരക്കേടില്ല, എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും ഫ്രണ്ട്സ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ ഗൗരവതരമായി ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഫ്രണ്ട്സ് സെന്റർ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ഫ്രണ്ട്സ് സെന്റർ 253 കോടി രൂപയോളം നമ്മുടെ ഖജനാവിലേക്ക് കളക്റ്റ് ചെയ്തിട്ടുണ്ട്. കാര്യക്ഷമമായി കളക്റ്റ് ചെയ്യുന്നതു കൊണ്ട് ആളുകൾക്ക് എളുപ്പം പോയി ബിൽ അടയ്ക്കാൻ പറ്റും. ഇപ്പോൾ നമ്മൾ അക്ഷയ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സർവ്വീസ് അക്ഷയ കേന്ദ്രങ്ങളിൽ വരെ ലഭ്യമാക്കാൻ വേണ്ടി ആലോചിക്കുന്നുണ്ട്. കേരളം മുഴുവൻ ഏത് വില്ലേജിലും പേമെന്റിനുള്ള സൗകര്യം വരും. എല്ലാ പഞ്ചായത്തുകളും സഹകരിക്കേണ്ട ഒരു മേഖലയാണ്. എല്ലാവരും സഹകരിച്ചാൽ ഫ്രണ്ട്സിൽ ലഭ്യമാകുന്ന സേവനം വില്ലേജിൽ, ഓരോ പഞ്ചായത്തിലും വാർഡ് തലത്തിലും നടക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: നമുക്ക് ഏറ്റവും അധികം തൊഴിൽ സാദ്ധ്യതയുള്ള ഒരു രംഗമാണ് കാൾ സെന്റേഴ്സ്. ഈ കാൾ സെന്ററുകളിൽ പെൺകുട്ടികൾക്ക് ഏറെ ജോലി കിട്ടും. ഒരൊറ്റ ആവശ്യമേയുള്ളു, ഇംഗ്ലീഷ് ആക്സെന്റ് ആവശ്യമാണ്. അതുകൊണ്ട് കാൾ സെന്റേഴ്സ് കേരളത്തിൽ കൊണ്ടുവരണമെന്നുണ്ടെങ്കിൽ നല്ല ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന പെൺകുട്ടികൾ വേണം. അതിനുവേണ്ടി അവർക്ക് ട്രെയിനിംഗ് കൊടുക്കണം. നമ്മുടെ പല കോളേജുകളിലും ഇന്നുള്ള ഇംഗ്ലീഷ് ആക്സെന്റ് പോര. അതുകൊണ്ട് കാൾ സെന്റേഴ്സിൽ പെൺകുട്ടികളെ റിക്രൂട്ട് ചെയ്യുന്നതിനും അവർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനും പ്രത്യേക സംവിധാനം ഐ.റ്റി. ഡിപ്പാർട്ടുമെന്റ് എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ കാൾ സെന്ററുകൾ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽദാന മേഖലയാണ്. പ്രത്യേകിച്ച് അധികം പഠിപ്പൊന്നും ആവശ്യമില്ല. നന്നായി ഇംഗ്ലീഷ് സംസാരിക്കാൻ അറിഞ്ഞാൽ മതി. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമൊക്കെ കിട്ടും. നമ്മുടെ ആദ്യത്തെ കാൾ സെന്റർ കമ്പനി ടെക്നോപാർക്കിൽ 500 ആളുകൾക്ക് ജോലി കൊടുത്ത് ഉടനെതന്നെ പ്രവർത്തനം ആരംഭിക്കുകയാണ്. ഇതിൽ 24 മണിക്കൂറും വർക്ക് ചെയ്യാനായി മുന്നോട്ട് വരുന്ന ചെറുപ്പക്കാർക്ക് അതിനുള്ള സൗകര്യം വേണം. രാത്രിയും പകലുമൊക്കെ വർക്ക് ചെയ്യണം. കേരളത്തിൽ ഇതിനെക്കുറിച്ചുള്ള സമീപനം മാറണം. അതുപോലെ ഇംഗ്ലീഷ് ആക്സെന്റ് മെച്ചപ്പെടുത്തണം. അങ്ങനെയൊക്കെ വരികയാണെങ്കിൽ നിരവധി ആളുകൾക്ക് പെട്ടെന്ന് ജോലി കൊടുക്കാവുന്ന ഒരു മേഖലയാണ് കാൾ സെന്റർ. മെമ്പർ പറഞ്ഞത് ശരിയാണ്.

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി

*3 [342] ശ്രീ. കെ. സി. വേണുഗോപാൽ:
„ എൻ. ശക്തൻ:
„ കെ. മോഹൻകുമാർ:
„ എ. കെ. മണി:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) 2003-2004-ലെ കണക്കനുസരിച്ച് ലാഭം/നഷ്ടം എത്രയെന്ന് അറിയിക്കാമോ;

(സി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ആയത് ലാഭത്തിലാക്കുവാൻ എന്തെല്ലാം പരിപാടികൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ?